**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4729** **20-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പും പ്രവൃത്തികളും ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. PRICE സോഫ്ററ് വെയർ അപ്ഗ്രേഡ് ചെയ്തു.<br><br>2. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.<br><br>3. 'തൊട്ടറിയാം പി.ഡബ്ല്യൂഡി' (thottariyampwd.kerala.gov.in) എന്ന വെബ് സൈറ്റിലൂടെ പൊതുജനത്തിന് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ ലഭ്യമാകും. കരാറുകാർക്ക് പ്രശ്നങ്ങൾ അറിയിക്കാനും, ജനപ്രതിനിധികൾക്ക് പദ്ധതി പുരോഗതി വിലയിരുത്താനും, പരാതികൾ അറിയിക്കാനുമുള്ള അവസരവും ലഭ്യമാണ്.<br><br>4. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തി കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു.<br><br>5. നിർമ്മാണ സ്ഥലത്ത് പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് ഉത്തരവാദപ്പെട്ട കരാറുകാരൻ, പൊതുമരാമത്ത് ഉദ്യോഗസ്ഥൻ എന്നിവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി DLP ബോർഡ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.<br><br>6. ക്വാളിറ്റി കൺട്രോൾ പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.<br><br>7. ഗ്രീൻ ബിൽഡിംഗ് പദ്ധതി ആരംഭിച്ചു.<br><br>8. Composite tender സംവിധാനം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 9. പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുമായി നേരിട്ട് സംവദിക്കുന്നതിനായി 'Ring Road Phone in program' നടപ്പിലാക്കി.<br><br>10. പൊതുജനങ്ങൾക്കു പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെപ്പറ്റിയുള്ള പരാതികൾ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിട്ട് അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും അതിന്റെ നിജസ്ഥിതി ഏതു സമയത്തും അറിയുന്നതിനും വേണ്ടി PWD4U Mobile app പുറത്തിറക്കി.<br><br>11. Constituency Monitoring Team രൂപീകരിച്ച് MLA മാരുടെ നേതൃത്വത്തിൽ ദ്വൈമാസ യോഗങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലാകളക്ടർമാരുടെയും അദ്ധ്യക്ഷതയിൽ District Infrastructure Co-ordination Committee കൾ രൂപീകരിച്ച് ആയതിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. സംസ്ഥാനതലത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ PWD Mission Team-ഉം രൂപീകരിച്ചിട്ടുണ്ട്.<br><br>12. പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളുടെ ശാസ്ത്രീയമായ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും സഹായിക്കുന്ന Road Maintenance Management System(RMMS) നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ